പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 10

04.02.2013 ൽ മറുപടിക്ക്

## സബ്സിഡി ഒഴിവാക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ.കെ. ബാലൻ:<br>,, എ. പ്രദീപ്കുമാർ:<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):<br>ശ്രീമതി പി. അയിഷാ പോറ്റി: | | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യ മന്ത്രി) | |
| (എ) | സബ്സിഡികൾ പൂർണ്ണമായും എടുത്തു കളയാനുള്ള കേന്ദ്ര സർക്കാർ നീക്കം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സബ്സിഡികൾ ഇല്ലാതായാൽ കേരളത്തിലെ ജനങ്ങൾ നേരിടേണ്ടി വരുന്ന പ്രതിസന്ധി യുടെ ആഴവും ദുരിതങ്ങളും സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉദിക്കുന്നില്ല. |
| (സി) | നിലവിൽ കേന്ദ്രസർക്കാർ സബ് സിഡി ലഭിച്ചു കൊണ്ടിരിക്കുന്ന മേഖലകൾ ഏതൊക്കെയാണ്; | (സി) | പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്ന അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ച സാര എന്നിവയും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പെട്രോളിയം ഉല്പന്ന ങ്ങൾ എന്നിവയുമാണ് കേന്ദ്രസർക്കാർ സബ്സിഡി നിരക്കിൽ അനുവദിച്ചു വരുന്നത്. |
| (ഡി) | സബ്സിഡികൾ ഇതിനകം നിർത്തലാക്കുകയോ വെട്ടിച്ചുരു ക്കുകയോ ചെയ്തിട്ടുള്ളത് ഏതെല്ലാം മേഖലകളിലാണ്; | (ഡി) | മേൽപ്പറഞ്ഞ സാധനങ്ങൾ ഇപ്പോഴും കേന്ദ്ര സർക്കാർ സബ്സിഡിയോടു കൂടിയാണ് ലഭ്യമാക്കുന്നത്. ഇതിൽ സബ്സിഡിയോടു കൂടിയ പാചകവാതക സിലിണ്ടറുകളുടെ എണ്ണം 6 ആയി പരിമിതപ്പെടുത്തിയെങ്കിലും ഇപ്പോൾ അത് 9 എണ്ണമാക്കി ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | സബ്സിഡി നിലനിർത്തി കിട്ടുന്നതിന് കേന്ദ്രസർക്കാരിൽ ഏതെല്ലാം നിലയിൽ സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തുക യുണ്ടായി ? | (ഇ) | പാചകവാതക സിലിണ്ടറുകളുടെ എണ്ണം പരിമിതപ്പെടുത്തിയത് സംബന്ധിച്ച് 18.07.2011ൽ കേരള നിയമസഭ പാസ്സാക്കിയ ഒരു ഖണ്ഡനോപക്ഷേപം അനന്തര നടപടി കൾക്കായി കേന്ദ്ര സർക്കാരിനയച്ചു കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.